
# തൃക്കുന്നത്ത് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി


## പ. പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ

### 2008 ജനുവരി 21 മുതൽ 26 വരെ




അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് തിരുമേനി 1064 കുംഭം 18-ാം തീയതി ഈ ദേവാലയത്തിന് കല്ലിട്ട് പ്രഥമ ബലി അർപ്പിച്ചു. അയൽപ്രദേശങ്ങളിൽ പിരിവുനടത്തിയും ആശാരിമാരോടൊപ്പം നിന്ന് പണികളിൽ സഹായിച്ചും മദ്ബഹ വളവു ഒഴിച്ചുള്ള പണികൾ അദ്ദേഹത്തിന്റെ കാലത്ത് പൂർത്തിയാക്കി. രോഗബാധിതനായി തീർന്ന അദ്ദേഹം അങ്കമാലി പള്ളിയിലേയ്ക്ക് പോകുന്നതിന് മുൻപായി “ഞാൻ എവിടെയായിരുന്നാലും എന്റെ ആത്മാവ് ഈ പള്ളിയിലായിരിക്കും” എന്ന് പറയുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലശേഷം ഭദ്രാസനത്തിന്റെ ചുമതലയേറ്റ കടവിൽ പൗലോസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തയുടെ കാലത്താണ് പള്ളിയുടെ പണി പൂർത്തീകരിച്ചത്. അദ്ദേഹത്തിന്റെ കാലത്ത് യാക്കോബായ കുടുംബങ്ങളെ ആലുവായിൽ കൊണ്ടുവരികയും പള്ളിയുടെ ചുറ്റും താമസിപ്പിക്കുകയും ചെയ്തു. പള്ളിയുടെ തെക്കേപറമ്പിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുവാൻ ഉദ്ദേശിച്ച് പണി കഴിപ്പിച്ച കെട്ടിടമാണ് പിൽക്കാലത്ത് തൃക്കുന്നത്ത് സെമിനാരിയായി അറിയപ്പെട്ടു തുടങ്ങിയത്. അദ്ദേഹത്തിന്റെ കാലശേഷം പരിശുദ്ധനായ പൗലോസ് മാർ അത്തനാസ്യോസ് വലിയ തിരുമേനി ഭദ്രാസനത്തിന്റെ ചുമതലയേറ്റ കാലയളവിലാണ് പള്ളിയുടെ മുഖവാരം പൊളിച്ചു പണിതതും ചുറ്റും മതിൽ കെട്ടി ഉറപ്പിച്ചതും. അദ്ദേഹത്തിന്റെ കാലത്ത് ധാരാളം യാക്കോബായ കുടുംബങ്ങളെ ആലുവായിൽ കൊണ്ടുവരികയും പള്ളിക്ക് ചുറ്റും താമസിപ്പിക്കുകയും ചെയ്തു.


ப.പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവ



ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ


പരിശുദ്ധനായ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ ഈ ദേവാലയത്തിൽ എഴുന്നള്ളുകയും വി.ബലി അർപ്പിക്കുകയും ചെയ്തിട്ടുണ്ട്. “നമ്മുടെ മക്കളെ നാം നമ്മുടെ സ്വന്തഭവനത്തിലേയ്ക്ക് വരുന്നു. ഇത് നമ്മുടെ വിശ്രമസ്ഥലം, ഇത് നമ്മുടെ ആസ്ഥാനം ഇത് എന്റെ അമ്മവീടാണ്”എന്ന് പല പ്രാവശ്യം ഈ ദേവാലയത്തെക്കുറിച്ചും പരി. ബാവ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം വന്ന യൂഹാനോൻ മാർ ക്ലീമീസ് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിലും യൂലിയോസ് ബാവയുടെയും വലിയ തിരുമേനിയുടെയും സഹകാർമ്മികത്വത്തിലും ഈ ദേവാലയത്തിന്റെ മൂറോൻ കൂദാശ നടത്തപ്പെട്ടു. അദ്ദേഹത്തിന്റെ കാലശേഷം ഭദ്രാസനത്തിന്റെ ഭരണമേറ്റ വയലിപ്പറമ്പിൽ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ കാലത്ത് തൃക്കുന്നത്ത് സെമിനാരിയിൽ അരമന ചാപ്പൽ പണിയുകയും പള്ളിയെ പൂർണ്ണ ഇടവക പള്ളിയാക്കുകയും ചെയ്തു. അന്നത്തെ വികാരി ഫാ. എബ്രഹാം ആലുക്കൽ (ഡോ.എബ്രഹാം മാർ സേവേറിയോസ്) തന്റെ അക്ഷീണപ്രയത്നത്താൽ ഇടവക വിപുലീകരിക്കുകയും പള്ളി നീട്ടിപണിത് ഇന്ന് കാണുന്ന രീതിയിൽ ആക്കി തീർക്കുകയും ചെയ്തു. മർത്തമറിയം വനിതാസമാജം, സണ്ടേസ്കൂൾ, യൂത്ത് അസോസിയേഷൻ തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങളും സജീവമായി പ്രവർത്തിച്ച് വരുന്നു. പള്ളിയിലെ പ്രധാനപെരുന്നാൾ ജനു. 25,26 തീയതികളിൽ പ. വലിയതിരുമേനിയുടെ ഓർമ്മപ്പെരുന്നാളും മറ്റ് മെത്രാപ്പോലീത്തന്മാരുടെ ഓർമ്മപ്പെരുന്നാളും സംയുക്തമായി ആചരിച്ചുവരുന്നു


മലങ്കര സഭയിലെ പല സുപ്രധാന ചരിത്ര സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച ഈ ദേവാലയം അങ്കമാലി ഭദ്രാസനത്തിന്റെ മുൻ ഭരണകർത്താക്കളായ മൂന്ന് പരിശുദ്ധ പിതാക്കന്മാരുടെ കബറിടങ്ങളോടുകൂടി തലയെടുപ്പോടെ സ്ഥിതി ചെയ്യുന്നു. കൊല്ലവർഷം 1064 മുതൽ മുടങ്ങാതെ വി.ബലി അർപ്പിക്കപ്പെട്ടുവന്ന ഈ പള്ളിയിലെ വി.ത്രോണോസിൽ കഴിഞ്ഞ 30 വർഷമായി ബലിയർപ്പണം നിശ്ശേഷം മുടങ്ങിയിരിക്കുകയാണ്. മാത്രമല്ല പള്ളിയിൽ വിളക്ക് കൊളുത്താതെയും ധൂപപ്രാർത്ഥന നടത്താതെയും അവിടെയെല്ലാം മാറാലയും ചിതലും പിടിച്ച് ഇടിഞ്ഞുവീഴാറായി അത്യന്തം ദു:ഖപൂർണ്ണമായ അവസ്ഥയിൽ ഒരു ഇരുട്ടറായയി, ആ ദേവാലയം അടഞ്ഞു കിടക്കുന്നു. ഇതിനെപ്പറ്റി വിലപിക്കുന്ന അനേകം വിശ്വാസികളുണ്ട്. “ആത്മാവിൽ ദരിദ്രരായവർ” എത്ര ശബ്ദമുയർത്തിയിട്ടും കേൾക്കാനാളില്ലാത്ത ഈ അവസ്ഥ ഖേദകരം തന്നെ.

**സ്ഥാപനം**

‘കടുവക്കാട്ട്’ എന്നറിയപ്പെട്ടിരുന്ന ഈ സ്ഥലം കൊല്ലവർഷം 1055 ൽ മുൻപ് സമ്പാദിച്ചതായാണ് അറിയപ്പെടുന്നത്. മുളന്തുരുത്തി സുന്നഹദോസിനെ തുടർന്ന് രൂപം കൊണ്ട


പുണ്യശ്ലോകനായ അമ്പാട്ട് മോർ കൂറിലോസ്


പുണ്യശ്ലോകനായ കടവിൽ പൗലോസ് മോർ അത്തനാസ്യോസ്


പുണ്യശ്ലോകനായ വയലിപറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ്


ഫാ. തോമസ് പുതിയാമഠത്തിൽ (വികാരി)

# പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനവും തൃക്കുന്നത്ത് സെമിനാരിയും

**ഫാ. ജേക്കബ് പൗലോസ് കൊച്ചുപറമ്പിൽ**



കർത്താവിന്റെ ശിഷ്യന്മാർക്ക് അന്ത്യോഖ്യയിൽവച്ച് ആദ്യമായി ക്രിസ്ത്യാനികൾ എന്ന് പേരുണ്ടായി (അപ്പോ.പ്ര. 11:26). ശ്ലീഹന്മാരുടെ തലവനായ പരിശുദ്ധനായ പത്രോസ് ശ്ലീഹ എ.ഡി. 37 ൽ അന്ത്യോഖ്യയിലേയ്ക്ക് പോവുകയും അവിടെ സിംഹാസനം സ്ഥാപിക്കുകയും പള്ളി പണിയുകയും വിശ്വാസികൾ കിഴക്കോട്ട് തിരിഞ്ഞ് നിന്ന് പ്രാർത്ഥിക്കണമെന്ന് അഭ്യസിപ്പിക്കുകയും ചെയ്തു.

എ.ഡി. 60 ൽ പത്രോസ് ശ്ലീഹ തന്റെ ശ്ലൈഹീക പര്യടനത്തിന് മുമ്പായി അന്ത്യോഖ്യയിൽവച്ച് അദ്ദേഹം ഏവദ്യോസിനെയും ഇഗ്നാത്തിയോസി(നൂറൂനോ)നെയും വാഴിച്ചാക്കി. ഇപ്രകാരം വി. പത്രോസിന്റെ പിന്തുടർച്ചയോടുകൂടിയുള്ള ഭരണം-സിംഹാസനം അന്ത്യോഖ്യയിൽ സ്ഥാപിതമായി. റോമാസഭയുടെ 354 ൽ എഴുതുകയും 1656 ൽ പ്രസിദ്ധീകൃതമാകുകയും ചെയ്ത കലണ്ടറിലും സുറിയാനി സഭാ കലണ്ടറിലും ഫെബ്രുവരി 22 പത്രോസിന്റെ അന്ത്യോഖ്യാ സിംഹാസന സ്ഥാപന പെരുന്നാളായി കാണിച്ചിരിക്കുന്നു. പുരാതന ക്രൈസ്തവരുടെയിടയിൽ അന്ത്യോഖ്യയുടെ പ്രാധാന്യം ഇതിൽനിന്നും സ്പഷ്ടമാണ്. ഈ സിംഹാസനവുമായി മലങ്കരസഭയ്ക്ക് ആദിമകാലം മുതൽ ബന്ധമുണ്ട്. അങ്കമാലി ഭദ്രാസനം 1876 ൽ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവയാൽ സ്ഥാപിതമായതുമുതൽ 1889 മുതൽ ആലുവ തൃക്കുന്നത്ത് സെമിനാരിക്കും സെന്റ് മേരീസ് പള്ളിക്കും അതിപ്രധാനമായ ബന്ധമാണുള്ളത്. 1974 ൽ വേദവിപരീതികൾ അനീതിയിലൂടെയും അധർമ്മത്തിലൂടെയും കൈവശപ്പെടുത്തിയിരിക്കുന്ന ‘തൃക്കുന്നത്ത്കുന്നിന്റെ’ മഹാത്മ്യം വളരെയേറെയാണ്. അതിന്റെ പ്രാധാന്യവും മഹിമയും വേദവിപരീതികൾക്ക് മനസ്സിലാവുകയില്ല.

അന്ത്യോഖ്യയുടെ പ.പാത്രിയർക്കീസ് ബാവയാൽ മാത്രം വാഴിക്കപ്പെട്ട പിതാക്കന്മാരാണ് 1881 മുതൽ 1966 വരെ തൃക്കുന്നത്തെ സഭാ ആസ്ഥാനത്ത് താമസിച്ചിരുന്നതും പ്രാർത്ഥിച്ചിരുന്നതും ദൈവീക ശുശ്രൂഷ നടത്തിയിരുന്നതും സെമിനാരി ദൈവാലയത്തിന്റെ സ്ഥാപകനായ പുണ്യവാനായ അമ്പാട്ട് ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയെ വാഴിച്ചത് പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1876 ൽ വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബായ സുറിയാനിപള്ളിയിൽ വച്ചാണ്. 1891 ൽ മോർ കൂറിലോസ് തിരുമേനി കാലം ചെയ്തതിനെത്തുടർന്ന് പുണ്യവാനായ കൂറിലോസ് തിരുമേനിയോടൊപ്പം വാഴിക്കപ്പെട്ട കടവിൽ പൗലോസ് മോർ അത്താനാസ്യോസ് തിരുമേനിക്ക് പ. പാത്രിയർക്കീസ് ബാവ ഭരണിർവ്വഹണത്തിന് കൽപന കൊടുത്തു. സെമിനാരിയും ദൈവാലയവും കടവിൽ തിരുമേനി സ്വന്തം പണം ചെലവ് ചെയ്ത് പണികഴിപ്പിച്ചു. അതിന് നേതൃത്വം നൽകിയത് പിന്നീട് മെത്രാപ്പോലീത്ത ആയിത്തീർന്ന വലിയ തിരുമേനിയാണ്. കടവിൽ തിരുമേനി കാലം ചെയ്ത് സെമിനാരി പള്ളിയിൽതന്നെ കബറടക്കപ്പെട്ടു. അഭിവന്ദ്യ തിരുമനസ്സുകൊണ്ടാണ് 1902 തെഗ്രീൻ പോയി 9-ാം തീയതി (സുറിയാനിമാസം) (1078, വൃശ്ചികം 7) വ്യക്തവും ഉറപ്പുള്ളതുമായ ഒരു വിൽപത്രം തയ്യാറാക്കിയിട്ടുള്ളത്. അഭിവന്ദ്യ തിരുമനസ്സ് കാലം ചെയ്തതിന്റെ ശതാബ്ദി സമാപനം കൂടിയാണ് ഈ വർഷം(1907-2008).

പ. അന്ത്യോഖ്യാ സിഹാസനം മെത്രാപ്പോലീത്ത സ്ഥാനം പിന്നീട് ഭരമേൽപിച്ചത് പൈനാടത്ത് (കുറ്റിക്കാട്ടിൽ) പൗലോസ് മോർ അത്താനാസ്യോസ് (വലിയതിരുമേനി) തിരുമനിയെയാണ്. 1910 ൽ അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് (സ്വന്തം ഇടവക) യാക്കോബായ പള്ളിയിൽ വച്ച് അന്ത്യോഖ്യയുടെ പ.അബ്ദേദാലോഹെ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ടാണ് വിലിയ തിരുമേനിയെ വാഴിച്ച് നിയമിച്ചാക്കിയത്. സുദീർഘമായ തന്റെ ഭരണകാലം അങ്കമാലി ഭദ്രാസനത്തിന്റെ സുവർണ്ണകാലഘട്ടത്തിലൊന്നായിരുന്നു. ഭദ്രാസനത്തിന് അടുക്കും ചിട്ടയും കൈവന്നു. ധാരാളം പള്ളികളും സ്ഥാപനങ്ങളും പടുത്തുയർത്തപ്പെട്ടു. 1953 ജനു.25 ന് പ. പിതാവ് കാലം ചെയ്ത തൃക്കുന്നത്ത് പള്ളിയിൽ തന്നെ കബറടക്കപ്പെട്ടു.

വലിയ തിരുമേനിയുടെ വാർദ്ധക്യം കണക്കിലെടുത്ത് പ. സിംഹാസനം ഒരു സഹായിയെ വാഴിച്ചിരുന്നു. വയലിപറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് തിരുമനസ്സിനെ 1946 കർക്കിടകം രണ്ടാം തീയതി അന്ത്യോഖ്യയിൽവച്ച് തന്നെ പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ വാഴിച്ച് നിയമിച്ചു. പുണ്യശ്ലോകനായ വയലിപറമ്പിൽ തിരുമേനിയുടെ കാലത്ത് ദൈവാലയത്തിലെ ഇടവകാംഗങ്ങളുടെ എണ്ണം ഏറെ വർദ്ധിച്ചു. 1966 നവംബർ 6 ന് കാലം ചെയ്യുന്നതുവരെ പ. സിംഹാസനത്തോട് കൂറും വിധേയത്വവും വിശ്വസ്തതയും പുലർത്തിപോന്നു. വയലിപറമ്പിൽ തിരുമേനിയുടെ കാലശേഷം മുടക്കപ്പെട്ട ഔഗേൻ കാതോലിക്ക കോലഞ്ചേരിയിൽ വച്ച് വാഴിച്ച ഫിലിപ്പോസ് തിയോഫിലോസ് ഭരണം ഏറ്റെടുത്തു. 1973 വരെ വലിയ പ്രശ്നങ്ങളില്ലാതെ പോയി എങ്കിലും പിന്നീട് വാഴിച്ചയാളിന്റെ ‘തനിസ്വഭാവം’ വെളിപ്പെടുത്തി തുടങ്ങി.

തൃക്കുന്നത്ത് സെമിനാരിയും ഇടവകപള്ളിയും പ. സിംഹാസനത്തിലെ മൂന്ന് പ. പാത്രിയർക്കീസ് ബാവാമാരുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹിക്കപ്പെട്ട പുണ്യഭൂമിയാണ്. ആദ്യമായി പ. അബ്ദേദാലോഹോ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് തൃക്കുന്നത്ത് സെമിനാരിയിൽവച്ച് യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വിളിച്ചുകൂട്ടി മുടക്കപ്പെട്ട വട്ടശേരി ദിവന്നാസ്യോസിന് പകരം മലങ്കര മെത്രാപ്പോലീത്ത ആയി കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് തിരുമേനിയെയും കോനാട്ട് മൽപാനച്ചൻ (മാത്തൻ മൽപാൻ), സി.ജെ.കുര്യൻ എന്നിവരെ കൂട്ട് ട്രസ്റ്റികളായും തിരഞ്ഞെടുത്തു. പിന്നീട് 1931 മീനം എട്ടാം തീയതി പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ എഴുന്നള്ളി വന്ന് ഇത് നമ്മുടെ സ്വന്തം ഭവനം, നമ്മുടെ വിശ്രമകേന്ദ്രം, ഇത് നമ്മുടെ ആശ്വാസം, ഇത് നമ്മുടെ അമ്മവീട് എന്ന് അനേകം പ്രാവശ്യം കൽപിച്ച് ഏറെ ദിനങ്ങൾ ജീവിച്ചു. പ. ഏലിയാസ് ബവായെകൊണ്ട് ദൈവാലയത്തിന്റെ വി. മൂറോനഭിഷേകം നടത്തുവാൻ വലിയ തിരുമേനി ആഗ്രഹിച്ചുവെങ്കിലും

ശേഷം 11-ാം പേജിൽ

**തൃക്കുന്നത്ത് സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ പ. പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ**

# –ജീവിതം സായുജ്യം നേടുവാൻ–
# പ.മോർ അത്താനാസ്യോസ് തിരുമേനിയെപ്പറ്റിയുള്ള ഒരനുസ്മരണം

**ഷെവ. തരിയൻ കെ. പൈനാടത്ത് ആലുവ**



‘ശിരസ്’ അറ്റുപോയ ജഡത്തിന് അഥവ ഉടലിന് ഉണ്ടാകാവുന്ന നിർജ്ജീവവസ്ഥയായിരിക്കും മലങ്കരയിലെ വി. സുറിയാനിസഭയ്ക്കും ഉണ്ടാകാവുന്നത് എന്ന് കൽപിച്ച് അരുളിയത് മറ്റാരുമല്ല; ആലുവായിലെ പുണ്യശ്ലോകനായ പ. വലിയ തിരുമേനി തന്നെയാണ്. അപ്പോസ്തോലന്മാരിൽ മുൻപനായ പ. പത്രോസ് സ്ഥാപിച്ചതും ഇന്നുവരെ പിന്തുടർന്ന് പോരുന്നതുമായ പാരമ്പര്യമാണ് നമ്മുടെ പ. സഭയ്ക്കുള്ളത്. അത് ഒരിക്കലും വിഛേദിക്കപ്പെടരുത്. അതായിരുന്നു പ. വലിയ തിരുമേനി കൽപിച്ചിരുന്നതിന്റെ സാരാംശം. വി. സഭ ആ നില കൈവരുത്തുന്നതുവരെ വി. സഭയിലെ സമാധാനം ഒരു ദിവാസ്വപ്നമായി മാത്രമെ നിലകൊള്ളുകയുള്ളുവെന്ന് പറയാം.



മേൽപറഞ്ഞ ഉദ്ബോധനം നൽകിയ പുണ്യധാമമായ തിരുമേനിയെ നാം എപ്പോഴും ഓർക്കുന്നുണ്ടെങ്കിലും 1953 ജനുവരി 25 ന് പൊലിഞ്ഞ ആ മഹാ തേജസ്സിനെ സജീവമായി അനുസ്മരിക്കേണ്ട സന്ദർഭമാണല്ലോ 2008 ജനുവരി 25–26 ദിവസങ്ങൾ. പ്രശസ്തിയാർജ്ജിച്ച മലങ്കരയിലെ പല പള്ളികളിലൊന്നായ അകപ്പറമ്പ് പള്ളി ഇടവകയിൽ പേരാർന്ന പൈനാടത്ത് (കുറ്റിക്കാട്ടിൽ) തറവാട്ടിൽ എ.ഡി. 1869 ജനുവരി 23 നായിരുന്നു അവിടത്ത ജനനം. കേവലം 10 വയസ്സായ വേളയിൽത്തന്നെ കൊച്ചു പൗലോസ് ഒരു കോറുയോ ശെമ്മാശനായി വൈദീക സോപാനത്തിന്റെ ആദ്യപടി ചവിട്ടിക്കയറി. തന്റെ ഉയർച്ചക്കെല്ലാം വഴി തെളിയിച്ച അമ്പാട്ട് മോർ കൂറിലോസ് മെത്രാപ്പോലീത്തയാണ്. കഥാപുരുഷനായ തിരുമേനിയിൽ നിന്നാണ് ആ സ്ഥാനം ഏറ്റത്. ബാലനായ കൊച്ചുപൊലോസിൽ ദീർഘദൃഷ്ടിയോടെ വീക്ഷിച്ച ആ പണ്ഡിതവരേണ്യനായ ആ വൈദീക മേലദ്ധ്യക്ഷനാണ് ഒരു വിധത്തിൽ പറഞ്ഞാൽ ചരിത്രപുരുഷനായ പ.വലിയ തിരുമേനിയുടെ ഉന്നതിക്കെല്ലാം വിത്തുപാകിയത്. മലങ്കരയിലെ രണ്ടാമത് പ്രഖ്യാപിത പരിശുദ്ധൻ വരെയുള്ള ആദ്ധ്യാത്മിക നേട്ടങ്ങൾക്കെല്ലാം ഗുരുഭൂതൻ കൂടിയായ വന്ദ്യതിരുമേനിയിൽ നിന്നാണ് ഉടലെടുത്തത് എന്നതിന് സംശയമില്ല.

അമ്മമാരാണ് പല മക്കൾക്കും ജീവിതമാർഗ്ഗം തെളിയിക്കുന്നത് എന്നുപറയാം. കഥാപുരുഷനായ കൊച്ചുപൗലോസിനും അതുതന്നെയായിരുന്നു ജീവിതാനുഭവം. പിഞ്ചുകുഞ്ഞായിരുന്ന കാലഘട്ടം മുതൽ അമ്മയുടെ ആത്മീയത കൊച്ചുപൗലോസിന് ആത്മീയ ചൈതന്യം നൽകിവന്നു. അതു ഉള്ളിൽ കാത്തുസൂക്ഷിച്ച് ജീവിതത്തിൽ പ്രായോഗികമാക്കികൊണ്ടുള്ള വളർച്ച അതായിരുന്നു കൊച്ചുപൗലോസ് ശെമ്മാശനായ കാലം മുതൽ വൈദീകവൃത്തിയുടെ ഓരോ കാലഘട്ടത്തിലും അദ്ദേഹത്തിന് ഉൾപ്രേരണ നൽകി വന്നത്. അതോടൊപ്പം മറ്റ് അനുകൂല സാഹചര്യങ്ങളും ഒത്തിണങ്ങി. അങ്ങനെ പൗലോസ് അച്ചനും പൗലോസ് റമ്പാനും പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയും ആത്മീയയുടെ നിറകുടമായി പരിലസിച്ചു. വൈദീക ശ്രേഷ്ഠരുടെയും മൽപാന്മാരുടെയും മറ്റ് വൈദീക മേലദ്ധ്യക്ഷന്മാരുടെയും മഹത്തായ സംഭാവനകൾ കൈപ്പറ്റി കഥാപുരുഷൻ ഒരു പണ്ഡിതാഗ്രേസരനായി വളർന്ന് വിരാജിച്ചു.

മറ്റൊരു വസ്തു പിൽക്കാലത്ത് പ്രഖ്യാപിത പരിശുദ്ധൻ എന്ന നിലയിൽ വളർന്നുയരാൻ വന്ദ്യ പിതാവിന് അവസരമൊരുക്കിയത് മലങ്കരയിലെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായിത്തീർന്ന പ. പരുമലതിരുമേനിയുടെ ശിഷ്യത്വവും സന്തസഹചാരിത്വവുമായിരുന്നു. വി. സഭയിലെ എതിർവിഭാഗം പോലും അഭിവന്ദ്യപിതാവിനെ ഒരു വിശുദ്ധനായി അംഗീകരിച്ചിരുന്നു. 2004 ആഗസ്റ്റ് 20–ാം തീയതി അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് പള്ളിയിൽവച്ച് കഥാപുരുഷനെ മലങ്കരയിലെ രണ്ടാമത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചത്. അതും താൻ മാമ്മോദീസ മുങ്ങി തന്റെ മാതൃദൈവാലയമായി സദാ പരിഗണിച്ചും കരുതലോടെ കരുതിപോന്ന അകപ്പറമ്പ് പള്ളിയിൽവച്ചുതന്നെയാണ് ആ പ്രഖ്യാപനം നടന്നത്. 2007 ഡിസംബറിൽ പ്രസ്തുത ദൈവാലയം ഒരു കത്തീഡ്രലായി പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്.

ഒരുവനെ പരിശുദ്ധനായി ഔപചാരികമായി, പ്രഖ്യാപിക്കുന്നതിന് ഒട്ടേറെ കടമ്പകൾ കടക്കേണ്ടതുണ്ട്. കത്തോലിക്കാ സഭയിലാണ് ഇത്തരം പ്രഖ്യാപനങ്ങൾ അധികവും നടന്നുവരുന്നത്.പലപല പടികൾ കടന്ന് ഒടുവിൽ പ്രഖ്യാപിത പരിശുദ്ധനായി പരിശുദ്ധ മാർപ്പാപ്പ അംഗീകരിച്ച് പ്രഖ്യാപനം നടത്തുന്നത്. അതുപോലെതന്നെ സുറിയാനിസഭയുടെ പരമമേലദ്ധ്യക്ഷനായ പ. പാത്രിയർക്കീസ് ബാവയും സസൂക്ഷ്മവും പഠനവും പര്യാലോചനകളും സഭാംഗങ്ങളുടെയും വിശേഷിച്ച് വൈദീക ശ്രേഷ്ഠരായ മറ്റ് സഭാപിതാക്കളുടെയും അഭിമതവും ശുപാർശയും സ്വീകരിച്ചാണ് പ. മോർ അത്താനാസ്യോസ് തിരുമേനിയും ആ അത്യുന്നത ആത്മീയപദവി കൈവരിച്ചത്. ഔപചാരികമായ ആ പ്രഖ്യാപനത്തോടെയാണ് ആ നില അന്ന് കൈവരിച്ചതെങ്കിലും പ. പിതാവിനെ സത്യവിശ്വാസികളായ സഭാമക്കൾ ആ മഹാത്മാവിനെ ഒരു പരിശുദ്ധനെന്ന നിലയിൽ അദ്ദേഹംജീവിച്ചിരിക്കുമ്പോൾത്തന്നെ മനസ്സിൽ പ്രതിഷ്ഠിച്ച് ആരാധിച്ചും പോന്നിരുന്നുവെന്നാണ് വാസ്തവം. അത്രക്കുണ്ടായിരുന്നു ആ പുണ്യചരിതനായ പിതാവിന്റെ ജീവിതമഹത്വം.

പരിശുദ്ധനായ ഈ പുണ്യാത്മാവിനെ ആ നിലയിലേയ്ക്ക് വളർത്തുവാൻ സഹായകമായ വ്യക്തി മാഹാത്മ്യങ്ങൾ പലതാണ്. തന്റെ ജീവിതം, അന്യാസാധാരണമായ ജീവിതചര്യകൾകൊണ്ട് സമലംകൃതമായിരുന്നു. അദ്ദേഹം മറ്റുള്ളവരെപ്പോലെതന്നെ പൂർണ്ണമനുഷ്യത്വം ഉൾകൊണ്ട് ഒരു പിതാവായിരുന്നു. സർവ്വോന്മുഖമായ സ്നേവായ്പ് അതായിരുന്നു അദ്ദേഹം വച്ചുപുലർത്തിയ വ്യക്തിത്വത്തിന്റെ മുഖമുദ്ര. തന്നെപോലെ തന്നെ തന്റെ അയൽക്കാരനെ–ജാതിമതാദിചിന്തകൾ കൂടാതെ കരുതുകയും അവരോട് സദാ പെരുമാറുകയുംചെയ്തു പോന്നിരുന്നു. വന്ദ്യപിതാവ് തന്നെയാണ് ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതെന്ന് അദ്ദേഹവുമായി ഇടപെട്ടിരുന്നവരെല്ലാം തന്നെ കരുതുകയും പലരും അത് പലപ്പോഴും പറയുകയും ചെയ്യുമായിരുന്നു. മറ്റുള്ളവരെ – അവർ ഏതുവിഭാഗത്തിൽപ്പെട്ടവരായാലും മെത്രാൻ കക്ഷിയിൽപ്പെട്ടവരായാലും അവർ അറിഞ്ഞോ അറിയാതെയോ പറയുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴും അദ്ദേഹം അവരെപ്പറ്റി പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമെ എന്ന ക്രിസ്തീയ വീക്ഷണമായിരുന്നു അദ്ദേഹത്തിന്റേത്. ഒട്ടേറെ ദൃഷ്ടാന്തങ്ങൾ ഇതിന് അദ്ദേഹത്തിന്റെ ജീവിതത്തിൽ കണ്ടെത്തുവാൻ പ്രയാസമില്ല. ഉള്ളവനെയും ഇല്ലാത്തവനെയും പണ്ഡിതനെയും പാമരനെയും വിജ്ഞാനിയെയും അജ്ഞാനിയെയും ജാതിമതഭേദമന്യേ കാണുവാനും കരുതുവാനും അവരോട് അടുത്ത് പെരുമാറുവാനും അവിടത്തേയ്ക്ക് ഉണ്ടായിരുന്ന നിഷ്കളങ്കമായ, ഉള്ളഴിഞ്ഞ സ്നേഹവായ്പ് വാചാനഗോചരമായിരുന്നു. പിഞ്ചുബാലികാബാലന്മാരോടൊത്ത് അദ്ദേഹത്തിന്റെ സ്നേഹമസ്രണമായ പെരുമാറ്റവും നർമ്മസംഭാഷണവും ആരെയും ആകർഷിക്കത്തക്കതായിരുന്നു. അതേ അവസരത്തിൽ പലനിലകളിലും ഉന്നതിയാർജ്ജിച്ചിടത്ത് സമുന്നത വ്യക്തികളോട് സന്ദർഭാനുസരണ സ്നേഹപൂർവ്വം–എന്നാൽ ഗൗരവം വിടാതെ ഇടപെഴകുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ‘ബാവാകക്ഷിയുടെ’ എല്ലാമായി വിരാജിച്ച ആ പണ്ഡിതാഗ്രേസരൻ ആവശ്യം വരുമ്പോൾ എത്രയും ഗൗരപൂർവ്വം തന്നെ ചുമതലകൾ അപ്പോഴപ്പോൾ നിർവ്വഹിച്ച് പോന്നിരുന്നു. അദ്ദേഹത്തിന്റെ സിംഹാസനഭക്തി–അത്രയേറെ ദൃഢതരവും ആരാലും ചോദ്യം ചെയ്യപ്പെടാനാവാത്തവിധം ദൃഢതരവും കർക്കശവുമായിരുന്നു. ശിരസ്സറ്റ ഉടലായിട്ടല്ല, ഉയർത്തിപ്പിടിച്ച ശിരസ്സുമായിതന്നെ ഏപ്പോഴും ഏതിനെയും ആരെയും അഭിമുഖീകരിക്കുവാനും അവിടത്തേയ്ക്കുണ്ടായിരുന്ന ദൃഢനിശ്ചയം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്രയായിരുന്നു.

ഇത്രയേറെ സമയനിഷ്ഠ പാലിച്ചിരുന്ന മറ്റൊരു ആത്മീയ പിതാവ് വേറെയുണ്ടായിരുന്നോ എന്നതും സംശയമാണ്. വി. ബലിയർപ്പണം കുർബ്ബാനവരെയുള്ള 10 മിനിറ്റിൽ കവിയാത്ത ആത്മീയ പ്രബോധനം, മിനിറ്റല്ല സെക്കന്റ് തെറ്റാതെയുള്ള യാമപ്രാർത്ഥനകൾ, ഭക്ഷണം ഇതെല്ലാം തന്നെ, എത്ര ഉന്നതരായ സന്ദർശകരുണ്ടായിരുന്നാലും അണുവിട തെറ്റിക്കാതെ അദ്ദേഹം അനുഷ്ടിച്ചിരുന്നു. അദ്ദേഹത്തിന്റെ പാതിരാപ്രാർത്ഥന സന്തതസഹചാരിയായിരുന്ന മാത്യുവിനെ മാത്രം പങ്കെടുപ്പിച്ചാണ് നടത്തിപോന്നിരുന്നത്. മറ്റുള്ളവരെ ആവശ്യമില്ലാതെ ക്ലേശിപ്പിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ആത്മീയതയിൽ അടിയുറച്ച് ദൈവം തമ്പുരാനെ തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ച് എല്ലാമെല്ലാം പരിപാലിച്ചുപോന്നിരുന്ന പ. പിതാവിനെപ്പറ്റി പറഞ്ഞാലൊതുങ്ങാത്ത പലതും ഓർമ്മയിൽ വരുന്നുണ്ട്. എന്റെ തൃക്കുന്നത്ത് സെമിനാരിയിലെ താമസവും വന്ദ്യ പിതാവുമൊത്തുണ്ടായ സംസർഗവും അദ്ദേഹത്തെപ്പറ്റി ഒട്ടേറെ കാര്യങ്ങൾ അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നുണ്ട്. എന്നാൽ വിസ്താരഭയത്താൽ ഞാൻ മറ്റൊന്നും പറയുവാൻ ഒരുങ്ങുന്നില്ല.

പ.പിതാവേ, അവിടുന്ന് കാട്ടിത്തന്നിട്ടുള്ളതും പ്രവർത്തിച്ച് കാണിച്ചിട്ടുള്ളതും ഉപദേശിച്ചു തന്നിട്ടുള്ളതും മറ്റും മാതൃകയായി സ്വീകരിച്ച് ബലഹീനതകളോടും കുറുവുകളോടും കൂടിയെങ്കിലും ഞങ്ങളുടെ എളിയജീവിതത്തിലേയ്ക്ക് പകരുവാൻ അവിടുത്തെ മദ്ധ്യസ്ഥത എന്നും ഞങ്ങൾക്ക് കോട്ടയും കൂട്ടും കാവലുമായിരിക്കുവാൻ ഞങ്ങളെ വാഴ്ത്തി അനുഗ്രഹിക്കണമെ. അദൃശ്യമായിട്ടെങ്കിലും അവിടുത്തെ തൃപ്പാദം വണങ്ങി തൃക്കൈ ചുംബിച്ച് സായൂജ്യമടയുവാൻ ഈ എളിയ ആത്മീയ മക്കളെ അനുഗ്രഹിച്ച് ആശിർവദിക്കണമെ. ദൈവത്തിന് സ്തുതി.

## പെരുന്നാൾ പ്രോഗ്രാം

**20-01-2008 ഞായർ –** 7.30 A.M.: പ്രഭാതപ്രാർത്ഥന, 8.15 A.M.: വി.മൂന്നിന്മേൽ കുർബ്ബാന, ശ്രേഷ്ഠ കാതോലിക്ക ബാവയുടെയും അഭിവന്ദ്യരായ ജോസഫ് മോർ ഗ്രിഗോറിയോസ്, മാത്യൂസ് മോർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെയും കാർമ്മികത്വത്തിൽ, 10.30 കൊടിയേറ്റ്, 11.00 കടവിൽ പൗലോസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമശതാബ്ദി സമാപനസമ്മേളനം 6.00 P.M.:സന്ധ്യാപ്രാർത്ഥന

**21-01-2008 തിങ്കൾ –** 7.00 A.M.: പ്രഭാതപ്രാർത്ഥന, 7.30 വി.കുർബ്ബാന റവ.ഫാ.എബ്രഹാം വലിയപറമ്പിൽ, 6.00P.M:സന്ധ്യാപ്രാർത്ഥന

**22-01-2008 ചൊവ്വ –** 7.00 A.M.: പ്രഭാതപ്രാർത്ഥന, 7.30 വി.കുർബ്ബാന റവ.ഫാ.പത്രോസ് ചെറുതോട്ടിൽ, 6.00 P.M.:സന്ധ്യാപ്രാർത്ഥന

**23-01-2008 ബുധൻ –** 7.00 A.M.:പ്രഭാതപ്രാർത്ഥന, 7.30 A.M.:വി.കുർബ്ബാന റവ.ഫാ.റോയി കട്ടച്ചിറ, 6.00 P.M.:സന്ധ്യാപ്രാർത്ഥന

**24-01-2008 വ്യാഴം–** 7.00 A.M.:പ്രഭാതപ്രാർത്ഥന, 7.30 A.M.:വി.കുർബ്ബാന റവ.ഫാ.ബിജു കാവാട്ട്, 6.00 P.M.:സന്ധ്യാപ്രാർത്ഥന, 6.30 P.M.: ഭക്തസംഘടനകളുടെ സംയുക്തവാർഷികം

**25-01-2008 വെള്ളി–** 7.30 A.M.: പ്രഭാതപ്രാർത്ഥന, 8.15 വി.കുർബ്ബാന അഭി. മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്ത, 5.30 P.M.: കാൽനട തീർത്ഥയാത്രയ്ക്ക് സ്വീകരണം (ആലുവ ബൈപാസ് കവലയിൽ), 5.30 P.M.കാൽനടതീർത്ഥയാത്രയ്ക്ക് ആലുവ നഗരസഭാ ഓഫീസ് കവാടത്തിൽ സ്വീകരണം, 6.00 P.M.:സന്ധ്യാപ്രാർത്ഥന, 7.00 പ്രദക്ഷിണം, 8.30 സൂത്താറ പ്രാർത്ഥന

**26-01-2008 ശനി –** 7.30 A.M.: പ്രഭാതപ്രാർത്ഥന, 8.30 A.M.:വി.മൂന്നിന്മേൽ കുർബ്ബാന ശ്രേഷ്ഠ കാതോലിക്ക ബാവയുടെയും അഭിവന്ദ്യരായ ഡോ.എബ്രഹാം മോർ സേവേറിയോസ്, ഏലിയാസ് മോർ അത്തനാസ്യോസ് എന്നിവരുടെ കാർമ്മികത്വത്തിൽ. പ്രസംഗം, ധൂപപ്രാർത്ഥന, അഖില മലങ്കര ക്വിസ് മത്സര വിജയികൾക്ക് ട്രോഫി, ക്യാഷ് അവാർഡ് വിതരണം, 11.30 A.M: പ്രദക്ഷിണം, 12.30 :ആശിർവാദം, 12.45 നേർച്ചസദ്യ, കൊടിയിറക്ക്.

## പ. അന്ത്യോഖ്യാ സിംഹാസനവും .... 10–ാം പേജ് തുടർച്ച

പ. പിതാവിന്റെ പെട്ടെന്നുള്ള നിര്യാണം മൂലം അതിന് സാധിക്കാതെ പോയി. എങ്കിലും സിംഹാസന പ്രതിനിധികളായിരുന്ന പ. ബാവായോടൊപ്പം വന്നിരുന്ന യൂഹാനോൻ മോർ ക്ലിമീസ് ബാവായുടെ കാർമ്മികത്വത്തിലും ഏലിയാസ് മോർ യൂലിയോസ് ബാവായുടെയും വലിയ തിരുമേനിയുടെയും സഹകാർമ്മികത്വത്തിലും 1932 മീനം 24–ാം തീയതി ഈ ദൈവാലയത്തിന്റെ വി. മൂറോൻ അഭിഷേകം നടത്തപ്പെട്ടു.

1964 ൽ ഔഗേൻ മെത്രാപ്പോലീത്തായെ കാതോലിക്കയായി വാഴിക്കുന്നതിന് എഴുന്നെള്ളി വന്ന അന്ത്യോഖ്യയുടെ പ.യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ടും ഈ സെമിനാരിയിൽ അനേകം ദിവസങ്ങൾ താമസിക്കുകയുണ്ടായി. അന്ന് കൂടെ പ. അനുധാവനം ചെയ്ത സാഖാ മോർ സേവേറിയോസ് തിരുമനസ്സാണ് ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവാ തിരുമേനി.

അനേകം വിശുദ്ധ പിതാക്കന്മാരുടെ കാലടികൾ കൊണ്ട്, വിശുദ്ധ ജീവിതം കൊണ്ട്, പ്രാർത്ഥന കൊണ്ട്, കർമ്മം കൊണ്ട്, അന്ത്യവിശ്രമം കൊണ്ട് വിശുദ്ധി നേടിയ വിശുദ്ധ സ്ഥാപനമാണ് തൃക്കുന്നത്ത് സെമിനാരിയും ദൈവാലയവും. പരിശുദ്ധ പിതാക്കന്മാരെകൊണ്ട് പരിശുദ്ധ സിംഹാസന ഭക്തരായ തലമുറയും വിശ്വാസികളും ആലുവായുടെ മണ്ണിൽ ഇന്നും ജീവിക്കുന്നു. പിതാക്കന്മാർ പഠിപ്പിച്ച വിശ്വാസം, ഭക്തി ആരുടെയും മുന്നിൽ അടിയറ വെയ്ക്കാതെ സുധീരമായി ഇന്ന് സെമിനാരിക്ക് ചുറ്റും ജീവിക്കുന്നു. ഇത് തന്നെയാണ് അന്ത്യോഖ്യാ സിംഹാസ ഭക്തിയുടെ ഏറ്റവും വലിയ സാക്ഷ്യം. ഈ സാക്ഷ്യം കണ്ട് വേദവിപരീതികൾ സത്യം മനസ്സിലാക്കിയിരുന്നെങ്കിൽ പ. പിതാക്കന്മാരുടെ മഹാമദ്ധ്യസ്ഥത നമുക്ക് അതിന് സഹായകമാകട്ടെ. വരും തലമുറയ്ക്ക് ആലുവായിലെ മണ്ണിൽ അന്ത്യോഖ്യയ്ക്ക് സ്ഥാനമുണ്ട് എന്ന് പ്രഖ്യാപിക്കുവാൻ യാക്കോബായ സുറിയാനിസഭയ്ക്ക് സധിക്കും.

തൃക്കുന്നത്തെ തൃക്കബറിങ്കൽ ഞങ്ങളുടെ ബാവാമാരെങ്കിൽ അന്ത്യോഖ്യയെ മറക്കില്ല.